**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2754** **13-02-2024 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ഇ.ബി. ലിമിറ്റഡിലെ സ്റ്റാഫ് റീസ്ട്രക്ചറിങ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. സി. വിഷ്ണുനാഥ്** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി (വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | കെ.എസ്.ഇ.ബി. ലിമിറ്റഡിൽ നിലവിൽ നിയമന നിരോധനം ഉണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | ഇല്ല. |
| (ബി) | കെ.എസ്.ഇ.ബി. ലിമിറ്റഡിൽ സ്റ്റാഫ് റീസ്ട്രക്ചറിങ് എന്ന് പൂർത്തിയാക്കുമെന്നും ആയതിന്റെ പ്രൊപ്പോസലിന്റെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ; | (ബി) | 2023 മാർച്ച് 24-ലെ കത്ത് പ്രകാരം സമർപ്പിച്ച കെ.എസ്.ഇ.ബി.എൽ. -ന്റെ റീ സ്ട്രക്ച്ചറിങ് നിർദ്ദേശങ്ങൾ "Restructuring Version-2", തുടർനടപടികൾ സ്വീകരിക്കുന്നതിന് അടിസ്ഥാന റിപ്പോർട്ടായി സ്വീകരിക്കണമെന്ന് കാണിച്ച് കെ.എസ്.ഇ.ബി.ലിമിറ്റഡ് ചെയർമാൻ 23.08.2023-ന് സർക്കാരിന് കത്ത് സമർപ്പിച്ചിരുന്നു. ഇതിനെ തുടർന്ന് 2023 നവംബർ 10 - ന് വൈദ്യുതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഇതുസംബന്ധിച്ച് യോഗം ചേർന്നു. പുനഃസംഘടനയ്ക്ക് ശേഷം കെ.എസ്.ഇ.ബി. ലിമിറ്റഡിൽ മൊത്തം ജീവനക്കാരുടെ എണ്ണം കെ.എസ്.ഇ.ആർ.സി അംഗീകരിച്ചിട്ടുള്ള സംഖ്യയായ 30321 ആയി നിലനിർത്തിക്കൊണ്ട് തുടർ നടപടികൾ സ്വീകരിക്കാൻ യോഗത്തിൽ ധാരണയായി. ഇതിനെത്തുടർന്ന് കെ.എസ്.ഇ.ബി.എൽ -ലെ മൊത്തം തസ്തികകളുടെ എണ്ണം കെ.എസ്.ഇ.ആർ.സി കണക്കാക്കിയ 30321 ആയി നിജപ്പെടുത്താൻ സർക്കാർ തത്ത്വത്തിൽ സമ്മതിച്ചതായി അറിയിച്ചുകൊണ്ട് 19/01/2024- ന് കെ.എസ്.ഇ.ബി.എൽ. - ന് കത്ത് നൽകുകയുണ്ടായി. പുതിയ സാങ്കേതിക വിദ്യകൾ ഉൾപ്പെടുത്താനുള്ള ബോർഡിന്റെ ആധുനികവൽക്കരണ ശ്രമങ്ങൾ കണക്കിലെടുത്ത്, ഉദ്യോഗസ്ഥരുടെ പ്രാതിനിധ്യം യാഥാർത്ഥ്യ ബോധത്തോടെ വിലയിരുത്താൻ ശ്രമിക്കണമെന്നും പ്രായോഗിക സമീപനം ഇക്കാര്യത്തിൽ പ്രസക്തമാണെന്നും കത്തിൽ നിർദ്ദേശിച്ചിരുന്നു. അതനുസരിച്ച്, നിർദ്ദേശിച്ചിരിക്കുന്ന ഘടനയ്ക്ക് അനുയോജ്യമായ തരത്തിൽ കെ.എസ്.ഇ.ആർ.സി |

| | | | |
|---|---|---|---|
| | | | അംഗീകരിച്ച കണക്കുകളുമായി പൊരുത്തപ്പെടുന്ന തസ്തികകളുടെ തരംതിരിക്കലിനായി കെ.എസ്.ഇ.ബി.എൽ വിവിധ തലങ്ങളിൽ ചർച്ചകൾ ആരംഭിച്ചിട്ടുണ്ട്. തസ്തികകൾ തരംതിരിച്ച് കെ.എസ്.ഇ.ബി. ലിമിറ്റഡിൽ നിന്ന് റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (സി) | കെ.എസ്.ഇ.ബി. ലിമിറ്റഡിൽ സ്റ്റാഫ് റീസ്ടക്ച്ചറിങ് എന്ന് നിലവിൽ വരുമെന്ന് വ്യക്തമാക്കാമോ; ഈ വിഷയത്തിൽ 10.11.2023-ൽ സർക്കാർ കെ.എസ്.ഇ.ബി. ലിമിറ്റഡുമായി നടത്തിയ യോഗത്തിന്റെ തീരുമാനങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ; | (സി) | 2023 നവംബർ 10 ന് വൈദ്യുതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ റീസ്ടക്ച്ചറിങ് സംബന്ധിച്ച് യോഗം ചേർന്നിരുന്നു. പുനഃ സംഘടനയ്ക്ക് ശേഷം കെ.എസ്.ഇ.ബി.ലിമിറ്റഡിൽ മൊത്തം ജീവനക്കാരുടെ എണ്ണം കെ.എസ്.ഇ.ആർ.സി അംഗീകരിച്ചിട്ടുള്ള സംഖ്യയായ 30321 ജീവനക്കാർ ആയി നിലനിർത്തിക്കൊണ്ട് തുടർനടപടികൾ സ്വീകരിക്കാൻ യോഗത്തിൽ ധാരണയായി. |
| (ഡി) | കെ.എസ്.ഇ.ബി. ലിമിറ്റഡിൽ സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ), അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികകളിൽ പി.എസ്.സി. മുഖേന നേരിട്ടും തസ്തിക മാറ്റം വഴിയും നിയമിക്കേണ്ട എത്ര ഒഴിവുകൾ വീതം നിലവിലുണ്ടെന്ന് വിശദമാക്കാമോ; | (ഡി) | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിലവിലുള്ള അംഗീകൃത അംഗബലമനുസരിച്ച് സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ), അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികകളിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നേരിട്ടും തസ്തികമാറ്റം വഴിയും നിയമിക്കേണ്ട ഒഴിവുകളുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു.<br><br>കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ കണക്കാക്കിയതനുസരിച്ച് കെ.എസ്.ഇ.ബി ലിമിറ്റഡിലെ ജീവനക്കാരുടെ എണ്ണം 30321 ആയി നിജപ്പെടുത്തുന്നതിനായുള്ള സർക്കാർ നിർദ്ദേശമനുസരിച്ച് ഒരോ തസ്തികയിലേയും അംഗീകൃത അംഗബലം സർക്കാർ നിർദ്ദേശത്തേയും പുനസംഘടനയേയും അടിസ്ഥാനമാക്കി പുനർനിർണയിക്കേണ്ടതായുണ്ട്. പുന:സംഘടന പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നികത്തേണ്ട ഒഴിവുകൾ നിർണയിച്ച് റിപ്പോർട്ട് ചെയ്യാൻ സാധിക്കുകയുള്ളൂ. |
| (ഇ) | പ്രസ്തുത തസ്തികകളിലെ ഒഴിവുകളിൽ എത്രയെണ്ണം നിലവിൽ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; റിപ്പോർട്ട് ചെയ്യാൻ ബാക്കിയുള്ള ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ഇ) | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിലവിലുള്ള അംഗീകൃത അംഗബലമനുസരിച്ച് സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ), അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികകളിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നേരിട്ടും തസ്തികമാറ്റം വഴിയും നിയമിക്കേണ്ട ഒഴിവുകളുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു.<br><br>കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ കണക്കാക്കിയതനുസരിച്ച് കെ.എസ്.ഇ.ബി |

| | | | |
|---|---|---|---|
| | | | ലിമിറ്റഡിലെ ജീവനക്കാരുടെ എണ്ണം 30321 ആയി നിജപ്പെടുത്തുന്നതിനായുള്ള സർക്കാർ നിർദ്ദേശമനുസരിച്ച് ഒരോ തസ്തികയിലേയും അംഗീകൃത അംഗബലം സർക്കാർ നിർദ്ദേശത്തേയും പുനസംഘടനയേയും അടിസ്ഥാനമാക്കി പുനർനിർണയിക്കേണ്ടതായുണ്ട്. പുന:സംഘടന പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നികത്തേണ്ട ഒഴിവുകൾ നിർണയിച്ച് റിപ്പോർട്ട് ചെയ്യാൻ സാധിക്കുകയുള്ളൂ. |
| (എഫ്) | മേൽ സൂചിപ്പിച്ച തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി.യിലേക്ക് അവസാനമായി എന്നാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (എഫ്) | അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) - 28.12.2019 (11ഒഴിവുകൾ) (തസ്തികമാറ്റം വഴിയുള്ള നിയമനം).<br><br>അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) - 16.06.2021 (6 ഒഴിവുകൾ) (നേരിട്ടുള്ള നിയമനം).<br><br>സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) - 16-06-2022 (70 ഒഴിവുകൾ) (നേരിട്ടുള്ള നിയമനം) |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

കെ.എസ്.ഇ.ബി. ലിമിറ്റഡിൽ നിലവിലുള്ള അംഗീകൃത അംഗബലമനുസരിച്ച് സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ), അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികകളിൽ കെ.പി.എസ്.സി. മുഖേന നേരിട്ടും തസ്തികമാറ്റം വഴിയും നിയമിക്കേണ്ട ഒഴിവുകളുടെ എണ്ണം

| **സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)** | | |
|---|---|---|
| | എണ്ണം | പ്രസ്തുത ഒഴിവുകളിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലേക്ക് റിപ്പോർട്ട് ചെയ്തവ |
| നേരിട്ടുള്ള നിയമനം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തിരം | 411 | 217 (കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിന്നും നിയമന ശുപാർശ ലഭിച്ചു. നിയമന നടപടികൾ പുരോഗമിച്ചുവരുന്നു). |
| തസ്തികമാറ്റം വഴി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തിരം | 120 | ---- |
| **അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)** | | |
| നേരിട്ടുള്ള നിയമനം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി | 195 | 13 |
| തസ്തികമാറ്റം വഴി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തിരം | 78 | 16 |

സെക്ഷൻ ഓഫീസർ

## അനുബന്ധം

കെ.എസ്.ഇ.ബി. ലിമിറ്റഡിൽ നിലവിലുള്ള അംഗീകൃത അംഗബലമനുസരിച്ച് സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ), അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികകളിൽ കെ.പി.എസ്.സി. മുഖേന നേരിട്ടും തസ്തികമാറ്റം വഴിയും നിയമിക്കേണ്ട ഒഴിവുകളുടെ എണ്ണം

| **സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)** | | |
|---|---|---|
| | എണ്ണം | പ്രസ്തുത ഒഴിവുകളിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലേക്ക് റിപ്പോർട്ട് ചെയ്തവ |
| നേരിട്ടുള്ള നിയമനം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തിരം | 411 | 217 (കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിന്നും നിയമന ശുപാർശ ലഭിച്ചു. നിയമന നടപടികൾ പുരോഗമിച്ചുവരുന്നു). |
| തസ്തികമാറ്റം വഴി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തിരം | 120 | ---- |
| **അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)** | | |
| നേരിട്ടുള്ള നിയമനം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി | 195 | 13 |
| തസ്തികമാറ്റം വഴി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തിരം | 78 | 16 |

സെക്ഷൻ ഓഫീസർ